"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാഴ്ച പരിമിതർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന ഡെസ്ക് ടോപ്/ ലാപ് ടോപ് കമ്പ്യൂട്ടറുകൾ - പ്രത്യേക സ്പെസിഫിക്കേഷനിലുള്ളവ CPRCS പോർട്ടലിൽ ലഭ്യമല്ലെങ്കിൽ GEM മുഖേനയോ ഇ-ടെണ്ടർ മുഖേനയോ വാങ്ങി നൽകാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1237/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/06/2020

---

പരാമർശം:- 1 സ.ഉ.(കൈ) നം.22/2018/തസ്വഭവ, തീയതി 14.02.2018

2 കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ജനറൽ സെക്രട്ടറിയുടെ 03.02.2020-ലെ 441/2020 നമ്പർ കത്ത്.

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 2.3(4.8)

**ഉത്തരവ്**

പരാമർശം (1) മാർഗ്ഗരേഖ പ്രകാരം കാഴ്ച പരിമിതർക്ക് അവരുടെ ആവശ്യങ്ങൾക്കനുസൃതമായ സ്പെസിഫിക്കേഷൻ ഉള്ള കമ്പ്യൂട്ടർ / ലാപ്ടോപ്പ് എന്നിവ വാങ്ങി നൽകാൻ തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതിയുണ്ട്. എന്നാൽ കാഴ്ചയുള്ളവർ ഉപയോഗിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട സ്പെസിഫിക്കേഷൻ കാഴ്ച പരിമിതക്കാരുടെ കമ്പ്യൂട്ടറുകൾക്ക് ആവശ്യമാണെന്നും അതിനാൽ കാഴ്ച പരിമിതർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന ഡെസ്ക് ടോപ്/ ലാപ് ടോപ് കമ്പ്യൂട്ടറുകൾ അസ്സിസ്റ്റിവ് ടെക്നോളജി ഉള്ളതും സംഭരണ ശേഷി കൂടിയതും കാഴ്ച്ചപരിമിതർക്ക് വായന മുതലായ കാര്യങ്ങൾക്ക് ഉപയോഗപ്പെടുന്ന വിധം പ്രത്യേക സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാകണമെന്ന ആവശ്യം ഉന്നയിച്ചു കൊണ്ട് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് പരാമർശം (2) പ്രകാരം സർക്കാരിലേക്ക് നിവേദനം നൽകിയിരുന്നു.

2. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് പരാമർശം (2) പ്രകാരം ആവശ്യപ്പെട്ട സ്പെസിഫിക്കേഷനും CPRCS പോർട്ടലിൽ നിലവിൽ ലഭ്യമായ സ്പെസിഫിക്കേഷനും തമ്മിലുള്ള വ്യത്യാസം താഴെപ്പറയുന്നതാണ്.

(a)DESKTOP, Intel Processor, High end, Ubuntu

| | Specification as per Representation | CPRCS Specification |
|---|---|---|
| Processor | Intel i5 8400@3.6 GHz<br>6 crores , 9MB L3 cache<br>TDP -65W | Intel i5 8400@2.8 GHz<br>6 crores , 9MB L3 cache<br>TDP -65W |

(b Laptop Medium end, Ubuntu

| | Specification as per Representation | CPRCS Specification |
|---|---|---|
| Memory | 8GB DDR 4 RAM | 4GB DDR4 RAM |
| Hard Disk | 1.0 tb, 7200 RPM or Higher, +240 Gb SSD | 500 GB, 7200 rpm |
| Display Size | 15.6 inch | 14 inch |
| Key board | keyboard with Numerical Keypad | Keyboard withtouch pad |

3. പരാമർശം (3) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ ഇപ്പോൾ CPRCS -ൽ ലഭ്യമല്ലാത്തതിനാൽ കാഴ്ച പരിമിതർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ഡെസ്ക്ക് ടോപ്/ ലാപ് ടോപ് കമ്പ്യൂട്ടറുകൾ വാങ്ങി നൽകുമ്പോൾ ഉയർന്ന സ്പെസിഫിക്കേഷൻ ഉള്ളവ CPRCS പോർട്ടലിൽ ലഭ്യമല്ലെങ്കിൽ അവ GEM മുഖേനയോ ഇ-ടെണ്ടർ മുഖേനയോ വാങ്ങി നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റിഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
ഡയറക്ടർ, കേരള സംസ്ഥാന ഐ.ടി. മിഷൻ
ജനറൽ സെക്രട്ടറി, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്
എല്ലാ ആസൂത്രണ സമിതി അധ്യക്ഷന്മാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി ചെയര്പേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by SURESH KUMAR K
Date: 2020.06.24 11:13:42 IST
Reason: Approved

സെക്ഷൻ ഓഫീസർ